(എ) മരാമത്ത് വകുപ്പിൽനിന്നും തദ്ദേശ സ്വയംഭരണവകുപ്പിന് വിട്ടുകൊടുത്തതും ഗ്രാമപഞ്ചായത്തുകളിൽ പുനർവിന്യസിച്ചതുമായ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ശമ്പള ബിൽ പൊതുമരാമത്ത് വകുപ്പിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ അംഗീകരിച്ച് നൽകുന്നതിനുള്ള വ്യവസ്ഥകളെന്തൊക്കെയാണ് ;

(ബി) ജോലി ചെയ്യുന്ന ഗ്രാമപഞ്ചായത്തിലെ പ്രസിഡന്റ് നൽകുന്ന ഹാജർ സർട്ടിഫിക്കറ്റും പ്രസിഡന്റ് അംഗീകരിച്ച മുൻകൂർ യാത്രാപരിപാടികളും നൽകാതെ ശമ്പള ബിൽ അംഗീകരിക്കുമോ ;

(സി) കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളിലേക്ക് നിയമിച്ച അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ശമ്പള ബിൽ എങ്ങനെയാണ് അംഗീകരിച്ചതെന്ന് ഓരോ പഞ്ചായത്തിന്റെയും കാര്യം വെവ്വേറെ വിശദമാക്കാമോ ;

(ഡി) ഗവൺമെന്റ് ഉത്തരവിന് വിരുദ്ധമായി ശമ്പള ബിൽ അംഗീകരിച്ചുനൽകിയത് അവരുടെ ബാദ്ധ്യതയായി കണക്കാക്കുമോ എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഇവർക്കെതിരെ ശിക്ഷണനടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഹാജർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ശമ്പള ബിൽ പാസ്സാക്കുന്നത്.

(ബി) അംഗീകരിക്കാൻ കഴിയുകയില്ല.

(സി) വിശദവിവരങ്ങൾ അതതു ഓഫീസുകളിൽനിന്നും ശേഖരിച്ചു കൊണ്ടിരിക്കുന്നു.

(ഡി&ഇ) ഉത്തരവിന് വിരുദ്ധമായി പ്രവർത്തിച്ചതായി ബോദ്ധ്യപ്പെട്ടാൽ ശിക്ഷണനടപടികൾ സ്വീകരിക്കുന്നതാണ്.

പൊതുമരാമത്ത് വകുപ്പിൽ പുനർവിന്യാസം നടത്തിയ തസ്തികകൾ

142 (2861) ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ ഏതെല്ലാം തസ്തികകളിലാണ് പുനർവിന്യാസം നടപ്പിലാക്കിയത് ;

(ബി) ഇത്തരം തസ്തികകളുടെ പുനർവിന്യാസം പൂർത്തിയായിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(സി) ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് പുനർവിന്യാസം നടപ്പിലാക്കിയത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മാനദണ്ഡം പാലിക്കാതെ പുനർവിന്യാസം നടത്തിയതായി എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അത്തരം പരാതികൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചീഫ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ, ക്ലാർക്ക്, ടൈപ്പിസ്റ്റ്, ഓവർസീയർ, പ്യൂൺ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, ജൂനിയർ സൂപ്രണ്ട്, പാർട്ട്ടൈം സ്വീപ്പർ എന്നീ തസ്തികകൾ പുനർവിന്യസിച്ചിട്ടുണ്ട്.

(ബി) പുനർവിന്യാസം പൂർത്തിയായിട്ടില്ല.

(സി) തദ്ദേശ ഭരണ വകുപ്പിലേയ്ക്ക് പോകുന്നതിന് ജീവനക്കാരിൽ നിന്നും ലഭിച്ച ഓപ്ഷൻ പ്രകാരവും ലഭിച്ച ഓപ്ഷൻ മതിയാകാത്ത കാരണത്താൽ ഒരു പ്രത്യേക നിശ്ചിത തീയതി നിശ്ചയിച്ച് (15-9-2002) ആ തീയതിയിലെ ജൂനിയർ ആയിട്ടുള്ള ജീവനക്കാരെയുമാണ് പുനർവിന്യസിച്ചിട്ടുള്ളത്.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

സെക്രട്ടേറിയറ്റിന്റെ അറ്റകുറ്റപ്പണികൾക്ക് വന്ന ചെലവ്

143 (2862) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് പണികൾ നിർബന്ധമായും ടെണ്ടർ വിളിച്ച് നൽകണമെന്ന നയം ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനാവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ടോ ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സെക്രട്ടേറിയറ്റിന്റെ അറ്റകുറ്റപ്പണികൾ, മോടിപിടിപ്പിക്കൽ തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾക്കായി എന്ത് തുക ചെലവഴിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത പണികൾ ചെയ്യുന്നതിന് ടെണ്ടർ വിളിച്ചിരുന്നോ ; എങ്കിൽ ടെണ്ടർ വിളിച്ചത് എന്നാണ് ;

(ഡി) ഏതൊക്കെ കരാറുകാർക്കാണ് ഈ പണികൾ നൽകിയത് ?

ഉത്തരം

(എ) ഉണ്ട്. എന്നാൽ പണിയുടെ അടിയന്തിര സ്വഭാവം പരിഗണിച്ച് ടെൻഡർ നടപടിക്രമങ്ങൾമൂലമുള്ള കാലതാമസം ഒഴിവാക്കാനായി കാട്ടേഷൻ വ്യവസ്ഥയിലും പണികൾ നടത്താറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly